(സി) 1955-56-ൽ നാളിതുവരെ 51 അപേക്ഷകൾ അനുവദിച്ചിട്ടുണ്ട്. അനുവദിച്ച തുക 1,26,300 രൂപയാണ്.

(ഡി) ഉടൻവായ്പ അനുവദിച്ചാൽ ബാങ്കിലേയ്ക്കുള്ള പണയാധാരം എഴുതി രജിസ്റ്ററാക്കി വാങ്ങിക്കുന്നതും പണം ഉടൻതന്നെ കൊടുക്കുന്നതുമാണ് സാധാരണ പതിവ്. എന്നാൽ ബാങ്കിലേയ്ക്കു ഗവണ്മെൻറിൽ നിന്നും അനുവദിച്ചിട്ടുള്ള ഓവർഡ്രാഫ്റ്റ് സംഖ്യ തീർന്നുപോയതിനാലും ഡിബഞ്ചർ കടം എടുക്കുന്നതിനു ചില സാങ്കേതികനടപടിക്രമങ്ങൾ കാലതാമസം നേരിടുന്നതിനാലും അനുവദിച്ച കടം കൊടുക്കുന്നതു് തൽക്കാലം നിറുത്തിവച്ചിരിക്കുകയായിരുന്നു. അടുത്ത അവസരത്തിൽ ഒരു ലക്ഷം രൂപകൂടി ബാങ്കിനു ഓവർഡ്രാഫ്റ്റ് അനുവദിച്ചിട്ടുണ്ട്.

STARRED QUESTIONS POSTED FOR ANSWER ON 19-10-1955.

ഹരിജനവിദ്യാർത്ഥികളുടെ പ്രാരംഭഫീസ്.

* 930. [42] ശ്രീ. പി. കെ. ചാത്തൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോളേജുക്ലാസുകളിലേയ്ക്ക് പ്രവേശനാർത്ഥം വരുന്ന ഹരിജൻവിദ്യാർത്ഥികൾക്കു പ്രാരംഭഫീസ് തൊക്കമായി കെട്ടിവയ്ക്കേണ്ടതില്ലെന്നു ഗവണ്മെൻറിൽനിന്നും കല്പനയുണ്ടായിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ ഈ കല്പന പാസ്സാക്കിയതു് എന്നാണ്;

(സി) ഇക്കൊല്ലവും കോളേജുകളിൽ ഈ ഫീസ് ഹരിജൻവിദ്യാർത്ഥികളിൽനിന്നും വാങ്ങുകയുണ്ടായിട്ടുണ്ടോ;

(ഡി) ഉണ്ടെങ്കിൽ ഏതെല്ലാം കോളേജുകളിൽ?

തദ്ദേശസ്വയംഭരണവകുപ്പുമന്ത്രി (ശ്രീ. കെ. കൊച്ചുകുട്ടൻ):

(എ) കോളേജുക്ലാസുകളിൽ പ്രവേശനാർത്ഥം വരുന്ന ഹരിജൻവിദ്യാർത്ഥികൾക്ക പ്രാരംഭഫീസ് തൊക്കമായി കെട്ടിവയ്ക്കേണ്ടതില്ലെന്നു ഗവണ്മെൻറ് കല്പന പാസ്സാക്കിയിട്ടുണ്ട്.

(ബി) ഈ കല്പന പാസ്സാക്കിയതു് 1-6-1950-ലാണ്. സ്കൂളുകളിലും കോളേജുകളിലും പിന്നാക്കസമുദായവിദ്യാർത്ഥികളിൽ നിന്നു പ്രവേശനഫീസ് ഇടാക്കരുതെന്നു കാണിച്ചു് 6-6-1955-ൽ ഒരു പ്രസ്സ് നോട്ടം പുറപ്പെടുവിച്ചിട്ടുണ്ട്.

(സി-ഡി) ഇതേപ്പറ്റി അന്വേഷിച്ചുവരുന്നു.

പോലീസ്മർദ്ദനം.

* 931. [46] ശ്രീ. പി. രവീന്ദ്രൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊല്ലം കടയ്ക്കൽബസ്സിലെ ചെക്കറായ ശ്രീ. ഗോവിന്ദപ്പിള്ളയെ 28-9-1955-ൽ കൊല്ലം ടൗൺപോലീസ് സബ്ഇൻസ്പെക്ടർ ശ്രീ. കരുണാകരക്കുറുപ്പ് ബസ്സിൽനിന്നും പിടിച്ചിറക്കി സ്റ്റേഷനിൽകൊണ്ടുപോയി മർദ്ദിച്ചതായി ഗവണ്മെൻറിനു് പരാതി കിട്ടിയിട്ടുണ്ടോ;

LIBRARY ARCHIVES Kerala Legislative Assembly